# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 673 — 28.02.2018-ൽ മറുപടിയ്ക്ക്

## പി.കെ. ഷൺമുഖൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **ശ്രീ.എ.കെ.ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പുത്തൻവീട്ടിൽ ശ്രീ. പി. കെ. ഷൺമുഖൻ കേന്ദ്രകലാകാര പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പുത്തൻവീട്ടിൽ ശ്രീ. പി. കെ. ഷൺമുഖൻ കേന്ദ്രകലാകാര പെൻഷൻ ലഭിക്കുന്നതിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര കലാകാര പെൻഷന് അന്ന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം അദ്ദേഹത്തിന്റെ അപേക്ഷ പരിഗണനാർഹമല്ലെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ കേന്ദ്ര കലാകാര പെൻഷന് ശുപാർശ ചെയ്തിരുന്നില്ല. കേന്ദ്ര കലാകാര പെൻഷന് ശുപാർശ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ സാംസ്കാരിക വകുപ്പിന്റെ 11/1/18 ലെ സി3/378/2017/സാം.കാ.വ. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) സർക്കുലർ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. 11/01/18 ലെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം പുതിയ അപേക്ഷ ഫോറത്തിൽ അപേക്ഷ സമർപ്പിക്കാൻ ടിയാന് നിർദ്ദേശം നൽകുന്നതാണ്. |
| ബി) ടിയാൻ കലാകാരനെന്ന നിലയിൽ മകളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | ബി) & സി) | ശ്രീ.പി.കെ.ഷണ്മുഖൻ കലാകാരനെന്ന നിലയിൽ മകളുടെ വിവാഹ ധനസഹായത്തിന് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് അപേക്ഷ സമർപ്പിച്ചിരുന്നു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ ചട്ടം 17 പ്രകാരം വിവാഹത്തിന് 60 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകമോ അപേക്ഷ ഹാജരാക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ചിട്ടില്ല |
| സി) ടിയാന്റെ പെൻഷനും മകളുടെ വിവാഹത്തിനുള്ള ധനസഹായവും എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സാംസ്കാരിക കാര്യ (സി) വകുപ്പ്

നം.സി3/378/2017/സാം.കാ.വ. തിരുവനന്തപുരം, തീയതി,11/01/2018

**<u>സർക്കുലർ</u>**

വിഷയം:- സാംസ്കാരിക കാര്യ വകുപ്പ് - കേന്ദ്ര കലാകാര പെൻഷന് അപേക്ഷിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ- സംബന്ധിച്ച്

സൂചന:- കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ 04.12.2017 തീയതിയിലെ F.No.2-9/2017-P.Arts നമ്പർ കത്ത്.

1961 മുതൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിനു കീഴിൽ നൽകി വരുന്ന കേന്ദ്ര കലാകാരപെൻഷന് അപേക്ഷിക്കുന്നതിനുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങൾ സൂചന കത്തിലൂടെ കേന്ദ്ര സാംസ്കാരിക മന്ത്രാലയം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. താഴെ പറയുന്നവയാണ് കേന്ദ്ര കലാകാര പെൻഷന് പരിഗണിക്കുന്നതിനുവേണ്ടി നിഷ്കർഷിച്ചിരിക്കുന്ന പുതുക്കിയ മാനദണ്ഡങ്ങൾ:

1. അപേക്ഷകൾ നിർദ്ദിഷ്ട മാതൃകയിൽ കൃത്യതയോടെ പൂരിപ്പിക്കേണ്ടതാണ്. (അപേക്ഷയുടെ മാതൃക www.indiaculture.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്)

2. അപേക്ഷകന് കേന്ദ്ര അവാർഡോ സംസ്ഥാന അവാർഡോ ലഭിച്ച രേഖകൾ അല്ലെങ്കിൽ ആകാശവാണിയിലെയോ ദൂരദർശനിലെയോ അംഗീകൃത കലാകാരനായിരുന്നു എന്ന് തെളിയിക്കുന്ന രേഖകൾ, കലാകാരൻ തന്റെ സജീവ കാലയളവിൽ കലാ പ്രവർത്തന മേഖലയിൽ നിന്നും ജീവിത **മാർഗ്ഗത്തിന് വരുമാനം കണ്ടെത്തിയിരുന്നു എന്ന് സ്പഷ്ടമായി തെളിയിക്കുന്ന രേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.**

3. പ്രതിമാസ കുടുംബ വരുമാനം 4000 രൂപയിൽ താഴെയോ വാർഷികവരുമാനം 48000 രൂപയിൽ താഴെയോ ഉള്ള അവശതയനുഭവിക്കുന്ന കല[illegible]ാണ് കേന്ദ്ര ക[illegible] അപേക്ഷിക്കാൻ അർഹതയുള്ളത്.

4. അപേക്ഷ നൽകുന്ന സമയത്ത് അപേക്ഷകന് 60 വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കണം.

5. വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ തന്നെ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയതായിരിക്കണം.

6. മേൽവിലാസം, ജനനത്തീയതി എന്നിവ തെളിയിക്കുന്നതുൾപ്പെടെയുള്ള അവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. ഇത്തരത്തിൽ മേൽപ്പറഞ്ഞ യോഗ്യതയുള്ള കലാകാരന്മാരുടെ അപേക്ഷകൾ സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ ഒരു സംഘടന നേരിട്ട് പരിശോധിച്ചതിന് ശേഷം മാത്രമേ സാംസ്കാരിക മന്ത്രാലയത്തിന്റെ Expert കമ്മിറ്റിക്ക് നൽകുകയുള്ളൂ.

ഇനി ലഭിക്കുന്ന അപേക്ഷകൾ മുഴുവനും മേൽപ്പറഞ്ഞ പുതുക്കിയ നിബന്ധനകൾ ആധാരമാക്കി പരിശോധിച്ച് കർശനമായും <u>സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം മാത്രം</u> സർക്കാരിൽ ലഭ്യമാക്കണമെന്ന് സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള എല്ലാ അക്കാദമികളോടും സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

ഗീത.കെ
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ഡയറക്ടർ, ഡിപ്പാർട്ടുമെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്
ഡയറക്ടർ, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്
രജിസ്ട്രാർ, മലയാളം മിഷൻ
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി
സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി
സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി
സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ
സെക്രട്ടറി,കേരള സാംസ്കാരിക ക്ഷേമനിധി ബോർഡ്,
സെക്രട്ടറി, ശ്രീ നാരായണ ഇൻറർനാഷണൽ സ്റ്റഡി സെന്റർ
സെക്രട്ടറി, വാസ്തുവിദ്യാ ഗുരുകുലം
മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ
സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം
സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്
സെക്രട്ടറി, മാർഗ്ഗി
സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി
സെക്രട്ടറി, മൂലൂർ സ്മാരകം, ഇലവുംതിട്ട, പത്തനംതിട്ട
സെക്രട്ടറി, ഭാരത് ഭവൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ കാമ്പസ്, നളന്ദ

ഉത്തരവിൻ പ്രകാരം

[redacted]

സെക്ഷൻ ഓഫീസർ